**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4858** **11-08-2021 - ൽ മറുപടിയ്ക്ക്**

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2011 മുതൽ 2016 വരെയുള്ള ഭരണകാലത്ത് തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ച്വിട്ട് അധികാരമേറ്റ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൽ നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് അന്വേഷണം ആരംഭിച്ചത്; | (ബി) | 22.07.2016 തീയതിയിലാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത് |
| (സി) | അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (സി) | പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സൂക്ഷ്മ പരിശോധനയിലാണ്. |
| (ഡി) | ഇതിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേസിന്റെ റിപ്പോർട്ടിന്മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു. |
| (ഇ) | ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | കേസിന്റെ റിപ്പോർട്ടിന്മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ